I/89809/2023

## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

## തിരുവനന്തപുരം

വിഷയം:- ആരോഗ്യവകുപ്പ്: ജീവനക്കാര്യം - ആരോഗ്യവകുപ്പിലെ അസിസ്റ്റൻറ് സർജൻ തസ്തികയിലെ പൊതുസ്ഥലം മാറ്റം 2023 - ഡോ. റിൻസി ആൻറണി, അസിസ്റ്റൻറ് സർജൻ- പുനർനിയമനം നൽകി ഉത്തരവാകുന്നു.

പരാമർശം:-

1. ഉത്തരവ് നം. ഇഎ2- 2422/2023/ആ.വ.ഡ തീയതി 31.05.2023.
2. സഉ (സാധാ) നം. 2540/2023/ആ.കു.വ തീയതി 03.10.2023

### ഉത്തരവ് നമ്പർ ഇഎ2- 2422/2023/ആ.വ.ഡ, തീയതി: 04-10-2023

ആരോഗ്യവകുപ്പിലെ അസിസ്റ്റൻറ് സർജൻ തസ്തികയിലെ 2023 പൊതുസ്ഥലം മാറ്റത്തിൽ കൊടുവള്ളി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ അസിസ്റ്റൻറ് സർജനായ ഡോ. റിൻസി ആൻറണിയെ (പെൻ. 593782) കണ്ണൂർ ജില്ലയിലെ ചെറുതാഴം പ്രാഥമികാരോഗ്യകേന്ദ്രത്തിലേക്ക് പരാമർശ (1) ഉത്തരവ് പ്രകാരം സ്ഥലംമാറ്റിയിരുന്നു. പ്രസ്തുത സ്ഥലംമാറ്റത്തിനെതിരെ ടി ഡോക്ടർ ബഹുമാനപ്പെട്ട കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത ഒഎ (ഇ.കെ.എം) 942/2023-ലെ 20/6/2023-ലെ വിധിന്യായം നടപ്പിലാക്കിക്കൊണ്ടു പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഡോ. റിൻസി ആൻറണിയെ കോഴിക്കോട് ജില്ലയിലെ കൊടുവള്ളി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ നിലവിൽ ഒഴിവുള്ള അസിസ്റ്റൻറ് സർജൻ തസ്തികയിലേക്ക് പുനർനിയമനം നൽകി ഇതിനാൽ ഉത്തരവാകുന്നു.

2. ഡോ. റിൻസി ആൻറണി 05.10.2023 F.N തീയതിയിൽ കൊടുവള്ളി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതും, ജോയിനിംഗ് തീയതി ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്.

3. ജില്ലാ മെഡിക്കൽ ഓഫീസറും, സ്ഥാപന മേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിൻറെ പകർപ്പ് മേൽ നടപടിക്കായി ഉപയോഗിക്കേണ്ടതാണ്.

4. മേൽ പരാമർശിത (1) ഉത്തരവ് ഈ ഭേദഗതിയോടുകൂടി നിലനിൽക്കുന്നതാണ്.

Signed by
Dr Reena K J
Date: 04-10-2023 11:33:46

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: ഡോ. റിൻസി ആൻറണി, അസിസ്റ്റൻറ് സർജൻ,

I/89809/2023

സാമൂഹികാരോഗ്യകേന്ദ്രം കൊടുവള്ളി

പകർപ്പ് :

1. അക്കൗണ്ടൻറ് ജനറൽ കേരള (എ&ഇ), തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആ), കോഴിക്കോട്/ കണ്ണൂർ
3. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
4. ഫയൽ/ സ്റ്റോക്ക് ഫയൽ